ജലവിഭവ വകുപ്പ്
കേരള സർക്കാർ

# ജലതരംഗം
## വാർത്താ പത്രിക
കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി (ജലനിധി)

ജലനിധി
കേരള സർക്കാർ നടപ്പാക്കുന്ന ശുദ്ധജല വിതരണ ശുചിത്വ പദ്ധതി

മലപ്പുറം എഡീഷൻ | മെയ് 2017 | വാല്യം 1 | ലക്കം 3



## എഡിറ്റോറിയൽ

കേരളം കാലവർഷത്തെ വരവേൽക്കാനുള്ള ഒരുക്കത്തിലാണ്. ഓരോ വേനൽക്കാലവും മഴക്കാലത്തെക്കുറിച്ചുള്ള സ്വപ്നങ്ങളാൽ സമ്പന്നമാണ്. വേനൽ കഴിഞ്ഞു, മഴയെത്തി. സ്വപ്നത്തിൽ നിന്നും ഉണർന്ന് പ്രവർത്തിക്കാൻ സമയമായി. കാലവർഷം പടിവാതിൽക്കൽ എത്തി നിൽക്കുമ്പോൾ ചിന്തിക്കാനും പ്രവർത്തിക്കാനും ഒട്ടേറെ കാര്യങ്ങളുണ്ട്. വേനലിനെ പഴിച്ച് സമയം കളയാതെ നാം അനുഭവിച്ച വേനൽക്കാല ദുരിതങ്ങൾ ആവർത്തിക്കാതിരിക്കാൻ പ്രകൃതിയുടെ കാവലാളാകാം .

വികസന രംഗത്ത് കേരളം സൃഷ്ടിച്ച മാതൃകകൾ അനുകരിച്ച് മറ്റു സംസ്ഥാനങ്ങൾ കുതിക്കുമ്പോൾ കേരളം വികസന മുരടിപ്പുമായി കിതയ്ക്കുകയാണ്. പ്രകൃതിയെ സംരക്ഷിക്കുന്നതിൽ നാം കാണിച്ച അലംഭാവമാണ് ഏറ്റവും വലിയ ഉദാഹരണം. പ്രസ്താവനകളും പ്രസംഗങ്ങളും കൊണ്ട് പ്രകൃതിയെ രക്ഷിക്കാൻ സാധിക്കില്ല. പ്രകൃതിയുടെ മേലുള്ള ഏത് കൊച്ച് അതിക്രമവും മനുഷ്യന്റെ അകനെഞ്ച് പിളർക്കണം. അതല്ലെ സൗഹൃദത്തിന്റെ അളവുകോൽ. ഈ വർഷത്തെ ലോക പരിസ്ഥിതിദിന മുദ്രാവാക്യവും ഈ ആശയത്തോട് ചേർന്ന് നിൽക്കുന്നതാണ്, “Connecting People to Nature.”

നാം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പാരിസ്ഥിതിക ഭീഷണി കാലാവസ്ഥാ വ്യതിയാനമാണ്. പ്രകൃതി വിഭവങ്ങളുടെ നശീകരണമാണ് പ്രകൃതി ദുരന്തങ്ങൾക്ക് കാരണം. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള പ്രാധാന്യം എത്ര അധികമാണെന്ന് ഓരോ പ്രകൃതി ദുരന്തങ്ങളും നമ്മെ പഠിപ്പിക്കുന്നുണ്ട്. മനുഷ്യപ്രേരിത കാലാവസ്ഥാ വ്യതിയാനങ്ങൾക്കെതിരെ പോരാടുവാൻ നാം കരുത്താർജ്ജിക്കുക തന്നെ വേണം.

മനുഷ്യന് പ്രകൃതിയുമായുള്ള ബന്ധം ഊഷ്മളവും സുദൃഢവുമാക്കാൻ നമ്മുടെ വാർഷിക പ്ലാനിൽ പ്രകൃതി സ്നേഹത്തിന് ഒരിടം നൽകാം. ജലനിധിയിലെ ഓരോ കുടുംബവും പ്രകൃതിക്കിണങ്ങിയ ജിവിതശൈലി സ്വന്തമാക്കാനും പ്രകൃതിയുടെ മിത്രമാകാനും ബോധപൂർവ്വം ശ്രമിക്കണം. മണ്ണും, ജലവും, വായുവും നമ്മുടെ സ്നേഹസ്പർശത്താൽ സന്തോഷിക്കണം. ഭൂമി ഹരിതഭംഗിയാൽ നിറയാൻ വൃക്ഷത്തൈകൾ നടുകയും മാലിന്യമേൽക്കാതെ സൂക്ഷിക്കുകയും വേണം. രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം കർശനമായി നിയന്ത്രിക്കാനും നമുക്ക് സാധിക്കണം.

കേരളം ദൈവത്തിന്റെ സ്വന്തം നാടെന്ന് വിശേഷിപ്പിക്കപ്പെടുന്നതിന്റെ പ്രധാന കാരണം പ്രകൃതിയുടെ വിലമതിക്കാനാവാത്ത സൗന്ദര്യമല്ലേ? അതിൽ നമുക്ക് അഹങ്കരിക്കാൻ എന്തുണ്ട്? ജലമില്ലെങ്കിൽ ജീവനില്ല, പ്രകൃതിയുമില്ല, എല്ലാം ശൂന്യം. ഹരിതഭംഗി നിറഞ്ഞ നമ്മുടെ കേരളം ലോക ഭൂപടത്തിന്റെ നെറുകയിൽതന്നെ നിലനിൽക്കണമെങ്കിൽ നമ്മൾ മനസുവെക്കണം. മനുഷ്യനും പ്രകൃതിയും തമ്മിൽ ഇണപിരിയാത്ത സുഹൃത്തുക്കളാകാൻ നമുക്ക് പരസ്പരം കാവലാകാം, പ്രകൃതിയുടെ കാവലാളാകാം.

**വി. ചന്ദ്രൻ**
റീജിയണൽ പ്രോജക്ട് ഡയറക്ടർ

## ജലം പാഴാക്കരുതെന്ന മുന്നറിയിപ്പുമായി
# ലോക ജലദിനം



ജലം പാഴാക്കാതെ കരുതലോടെ ഉപയോഗിക്കണമെന്ന സന്ദേശത്തോടെ ലോക ജലദിനം ജലനിധി ആചരിച്ചു. സംസ്ഥാനതലപരിപാടി ബഹു. ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി. തോമസ് ഉദ്ഘാടനം ചെയ്തു. ബഹു. എം.എൽ.എ. കെ. മുരളീധരൻ അധ്യക്ഷനായിരുന്നു. ജലനിധി മാസ്ക്കറ്റിന്റെ അനാച്ഛാദനം, ജലനിധി ഹീറോകളെ ആദരിക്കൽ, ഐ.ഇ.സി. മെറ്റീരിയലുകളുടെ പ്രകാശനം, ജലസംരക്ഷണവും ഗുണനിലവാരവും അടിസ്ഥാനമാക്കി ആവിഷ്ക്കരിച്ച കിറ്റിഷോയുടെ ഫ്ളാഗ് ഓഫ്, ജല ഗുണനിലവാരം, ജല സംരക്ഷണവും പരിപാലനവും എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി പാനൽ ചർച്ച എന്നിവ ജലദിനാചരണത്തിന്റെ മാറ്റുകൂട്ടി. KRWSA എക്സി. ഡയറക്ടർ എ.ആർ. അജയകുമാർ ഐ.എ.എസ്., ബഹു. തിരുവനന്തപുരം കോർപറേഷൻ മേയർ അഡ്വ. വി.കെ. പ്രശാന്ത്, ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ വി.കെ. മഹാനുദേവൻ, ഭൂജല വകുപ്പ് ഡയറക്ടർ ഇൻ ചാർജ് സാബു കെ. ദാമോദർ ജലനിധി ഡയറക്ടർമാർ, റീജിയണൽ ഡയറക്ടർമാർ തുടങ്ങിയവർ പങ്കെടുത്തു.



# പെൺ കരുത്ത്

കടത്തനാടിന്റെ സാംസ്ക്കാരിക തലസ്ഥാനമെന്ന വിശേഷണമുള്ള പുറമേരി ജലസമ്പത്തിന്റെ കാര്യത്തിൽ ദാരിദ്ര്യം അനുഭവിക്കുന്ന ഗ്രാമപഞ്ചായത്തുകളുടെ കൂട്ടത്തിലാണ് എണ്ണപ്പെടുന്നത്. കടത്തനാട് ഉദയവർമ്മ വലിയ രാജ 1896-ൽ സ്ഥാപിച്ച കടത്തനാട് രാജാസ് ഹയർസെക്കണ്ടറി സ്ക്കൂൾ ഉൾപ്പെടുന്ന പുറമേരിയിലെ 17-ാം വാർഡ്, പഞ്ചായത്തിൽ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന കുടുംബങ്ങളുടെ എണ്ണത്തിൽ മുന്നിൽ നിൽക്കുന്നു. ജലനിധി പദ്ധതി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കാൻ തീരുമാനിച്ചപ്പോൾ 17-ാം വാർഡ് കണ്ടോത്തു മുകളിൽ ഭാഗം പ്രത്യേകം പരിഗണിക്കപ്പെട്ടു.

പാറക്കെട്ടുകൾ നിറഞ്ഞ ഒരു വലിയ കുന്നാണ് കണ്ടോത്തു മുകൾ ഭാഗം. കുടിവെള്ളത്തിന് കടുത്ത ക്ഷാമം അനുഭവിക്കുന്ന കുടുംബങ്ങൾ ഒന്നു ചേർന്ന് കണ്ടോത്തു മുകളിൽ ശുദ്ധജല വിതരണ പദ്ധതിക്ക് രൂപം നൽകി. ഭരണ സമിതിയുടെ തെരഞ്ഞെടുപ്പിൽ അർത്ഥശങ്കക്കിടയില്ലാത്ത വിധം സെക്രട്ടറി സ്ഥാനത്തേക്ക് നിർദ്ദേശിക്കപ്പെട്ടത് സീന മീത്തലെ എളമ്പിലായിയുടെ പേരായിരുന്നു. ഇന്ന് പുറമേരി ഗ്രാമപഞ്ചായത്തിൽ കണ്ടോത്തു മുകളിൽ ശുദ്ധജല വിതരണപദ്ധതി മികച്ച പദ്ധതിയെന്ന് വിശേഷിപ്പിക്കപ്പെടുന്നുണ്ടെങ്കിൽ അതിനു കാരണം സീനയുടെ നേതൃത്വത്തിലുള്ള ഭരണ സമിതിയുടെ പ്രവർത്തനം മാത്രമാണ്.

മാർച്ച് മാസത്തിൽ രണ്ട് പ്രധാനദിനങ്ങൾ ലോകമെമ്പാടും പ്രതേകമായി ആചരിക്കുന്നുണ്ട്, ലോക വനിതാ ദിനവും ലോക ജലദിനവും. ലോക വനിതാദിനത്തിൽ ജലനിധി പദ്ധതികളുടെ വിജയത്തിനായി അക്ഷീണം യത്നിക്കുന്ന മഹിളാ രത്നങ്ങളെ ഓർ



മ്മിക്കാതിരിക്കാനാവില്ല. കണ്ടോത്തു മുകളിൽ ശുദ്ധജല വിതരണ പദ്ധതിയുടെ സെക്രട്ടറി സീനയെയും ഖജാൻജി വിനീത ചെട്ടിയാർ മീത്തലിനെയും കമ്മറ്റി മെമ്പർ തങ്കമണിയെയും വനിതാ നേതൃത്വത്തിന്റെ പ്രതിനിധികളായി ആദരിക്കട്ടെ, ഒപ്പം പുറമേരി ഗ്രാമപഞ്ചായത്തിലെ 17-ാം വാർഡു മെമ്പറും വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർ പേഴ്സൺ ബിന്ദു പുതിയോട്ടിലിനെയും.

ഒന്നിനും ഏതിനും സമയമില്ലെന്ന് പരിതപിക്കുന്നവർക്ക് സീനയുടെ ജീവിതം മാതൃകയാക്കാവുന്നതാണ്. വടകരയിലുള്ള സോളാർ ഇലക്ട്രിക്കൽസിൽ ജീവനക്കാരിയായ സീന ദിവസം 24 കി.മീറ്റർ വീതം ആഴ്ചയിൽ 6 ദിവസവും ഉപജീവനത്തിനായി യാത്ര ചെയ്യണം. സാമ്പത്തികമായി ഏറെ പിന്നാക്കം നിൽക്കുന്ന സീനയുടെ കുടുംബത്തിൽ സീനയും ഭർത്താവ് ദിനേശനും അത്യദ്ധ്വാനം ചെയ്താലെ ജീവിതം മുന്നോട്ടുപോകൂ. വാർദ്ധക്യത്തിലെത്തിയ അച്ഛനെയും അമ്മയെയും സംരക്ഷിക്കണം, കുടുംബം പുലർത്തണം, ജലനിധി പദ്ധതിയെ വിജയത്തിലെത്തിക്കണം. ഇതിൽ ഏതാണ് വേണ്ടെന്ന് വെയ്ക്കുക? കുടുംബ ജീവിതത്തിന് ഒന്നാം സ്ഥാനം നൽകുമ്പോൾതന്നെ ജനങ്ങളും വാർഡുമെമ്പറും തന്നിലർപ്പിച്ച വിശ്വാസം നഷ്ടപ്പെടുത്തുക സാധ്യമല്ലെന്ന് സീന വിശ്വസിക്കുന്നു. രാവിലെ ഓഫീസിൽ പോകുന്നതിനു മുമ്പ് അത്യാവശ്യം വേണ്ട ജലനിധി കുടുംബങ്ങളിൽ സന്ദർശനം, ബാക്കി ഓഫീസ് വിട്ടു വന്നതിനു ശേഷം, തീരാത്തത് അവധി ദിവസമായ ഞായറാഴ്ച്ചയും.

23,61,000/-(ഇരുപത്തിമൂന്നു ലക്ഷത്തി അറുപത്തൊന്നായിരം) രൂപയുടെ പദ്ധതിക്കാണ് ഗുണഭോക്തൃ സമിതി രൂപം നൽകിയത്. ഗുണഭോക്തൃ വിഹിതമായി 236100/- (രണ്ടു ലക്ഷത്തി മുപ്പത്തി ആറായിരത്തി ഒരുന്നൂറ്) രൂപ സമാഹരിക്കണം. ഇതിൽ രണ്ടുലക്ഷത്തോളം രൂപ 55 കുടുംബങ്ങളിൽ നിന്ന് സമാഹരിച്ചുകഴിഞ്ഞു. ശേഷിക്കുന്ന മുഴുവൻ തുകയും മെയ് 31 നുള്ളിൽ സമാഹരിക്കാൻ സാധിക്കുമെന്ന് സീനയുടെ നേതൃത്വത്തിലുള്ള ഭരണ സമിതിക്ക് ഉറപ്പുണ്ട്. പുതിയ കിണറും ടാങ്കും പമ്പ് ഹൗസും പണിതു കഴിഞ്ഞു. പമ്പ് സെറ്റും വാങ്ങി സ്ഥാപിച്ചു. പൈപ്പുകളെല്ലാം ഇട്ടു. വൈദ്യുതി കണക്ഷൻ ലഭിച്ചു കഴിഞ്ഞാൽ പരീക്ഷണ ഓട്ടം (ട്രയൽ റൺ) തുടങ്ങാം. ആ ശുഭ മുഹൂർത്തത്തിനായി കാത്തിരിക്കുകയാണ് സീനയും കണ്ടോത്തു മുകളിലെ കുടുംബങ്ങളും.

ഏൽപ്പിക്കുന്ന ഉത്തരവാദിത്തങ്ങൾ സത്യസന്ധതയോടും നീതിബോധത്തോടെയും മികച്ച നിലവാരത്തിലും നടപ്പിലാക്കാൻ വനിതകൾ കാണിക്കുന്ന നേതൃപാടവം ശ്ലാഘനീയമാണ്. കുടുംബത്തിന്റെ ഉത്തരവാദിത്തങ്ങളിൽ കുറവ് വരുത്താതെ സമൂഹത്തെയും കരുതലോടെ കാക്കുന്ന അമ്മ മനസിനു മുമ്പിൽ ശിരസ് നമിക്കുന്നു.

**പ്രസൂൺ വി.**
കമ്മ്യൂണിറ്റി ഫെസിലിറ്റേറ്റർ
സി.ഒ.ഡി
പുറമേരി ഗ്രാമപഞ്ചായത്ത്

## മേലാറ്റൂർ – സ്ക്കൂൾ ശുചിത്വ പദ്ധതി യാഥാർത്ഥ്യമായി

മലപ്പുറം ജില്ലയിൽ ജലനിധി ബാച്ച് രണ്ടിൽ ഉൾപ്പെട്ട മേലാറ്റൂർ ഗ്രാമപഞ്ചായത്തിലെ ജലനിധി സ്ക്കൂൾ ശുചിത്വ പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്ത സ്ക്കൂളുകളിൽ 17 ലക്ഷം രൂപ ചെലവഴിച്ച് ശുചി മുറികൾ നിർമ്മിച്ചു. എയ്ഡഡ് ലോവർ പ്രൈമറി സ്ക്കൂൾ മേലാറ്റൂർ (ALPS) പാണക്കാട് തങ്ങൾ മെമ്മോറിയൽ അപ്പർ പ്രൈമറി സ്ക്കൂൾ (PTMUPS) എന്നീ സ്ക്കൂളുകളിലെ 750 വിദ്യാർത്ഥികൾക്ക് ഇതുവഴി മികച്ച നിലവാരമുള്ള ശുചി മുറികൾ ഉറപ്പു വരുത്താൻ സാധിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് തല ആക്ടിവിറ്റി കമ്മിറ്റിയും ഗ്രാമപഞ്ചായത്ത് ഭരണ സമിതിയും സഹായ സംഘടനയായ വിമൻസ് വെൽഫെയർ അസോസിയേഷൻ, തോമട്ടുചാലും പദ്ധതി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.



# വാക്കിലല്ല, പ്രവൃത്തിയിൽ

വൃത്തി സംസ്കാരം വിവേകം
നിർമ്മലഗ്രാമം
സമ്പൂർണ്ണ ശുചിത്വ ഊർങ്ങാട്ടിരി

പ്രസംഗങ്ങൾക്കും പേരിനു വേണ്ടിയുള്ള ഉദ്ഘാടനങ്ങൾക്കുമപ്പുറം പ്രവൃത്തിക്കാനുള്ള മനസാണ് പ്രാധാനം എന്ന് ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിലെ ജനങ്ങൾ മനസിലാക്കിയ മാസമാണ് കഴിഞ്ഞുപോയത്. പുതിയ ഭരണ സമിതി അധികാരത്തിലെത്തിയത് സമ്പൂർണ ശുചിത്വം, എല്ലാവർക്കും കുടിവെള്ളം എന്നീ വാഗ്ദാനങ്ങളോടെയാണ്. ആദിവാസി വിഭാഗങ്ങൾ അടക്കം എണ്ണായിരത്തിൽ അധികം കുടുംബങ്ങളിലായി 41000 ആളുകളാണ് പഞ്ചായത്തിൽ ഉള്ളത്. കുടിവെള്ളക്ഷാമവും, മാലിന്യ പ്രശ്നങ്ങളും പരിഹരിക്കുക എന്നതായിരുന്നു ഭരണ സമിതിയുടെ മുന്നിലുണ്ടായിരുന്ന പ്രധാന ലക്ഷ്യം.

മലകളും, പുഴകളും ഉൾപ്പെട്ട പൊതുസ്ഥലങ്ങളും ജനവാസ കേന്ദ്രങ്ങളും പൂർണമായും മാലിന്യമുക്തമാക്കുക എന്നത് പഞ്ചായത്തിനെ സംബന്ധിച്ച് ദുഷ്കരമായ പ്രവൃത്തിയായിരുന്നു. എന്നാൽ ജലനിധി ടീം ലീഡർ അമിത് രമണൻ സമ്പൂർണ മാലിന്യമുക്ത പഞ്ചായത്തായി ഊർങ്ങാട്ടിരിയെ മാറ്റി എടുക്കുന്നതിന് ഒരു പദ്ധതി സമർപ്പിക്കുകയും ഭരണ സമിതി ചർച്ച ചെയ്ത് 17 ലക്ഷം രൂപ വാർഷിക പദ്ധതിയിൽ വകയിരുത്തുകയും ചെയ്തത് മികച്ച തുടക്കമായി. വീടുകളിലും പരിസരങ്ങളിലും സ്ഥാപനങ്ങളിലും ഉള്ള മാലിന്യങ്ങൾ ശേഖരിച്ച് തരം തിരിച്ച് അയൽ സഭാ കേന്ദ്രങ്ങളിൽ എത്തിക്കുക എന്നതായിരുന്നു പദ്ധതിയുടെ ഒന്നാം ഘട്ടം. രണ്ടാം ഘട്ടത്തിൽ റോഡുകൾ, പുഴകൾ, ജലസ്രോതസുകൾ, പൊതു സ്ഥലങ്ങൾ എന്നിവടങ്ങളിലെ മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിക്കുകയായിരുന്നു. ഇതിനായി വലിയ പ്രചാരണ പ്രവർത്തനങ്ങളാണ് നടത്തിയത്. 2017 ഫെബ്രുവരി 12,13,14 തീയതികളിൽ പഞ്ചായത്ത് മാലിന്യ ഹർത്താൽ ദിനങ്ങളായി ആചരിച്ചു. ഫെബ്രുവരി 17ന് തരംതിരിച്ച മാലിന്യങ്ങൾ കർണാടകയിലെ റീസൈക്ലിംഗ് കേന്ദ്രത്തിലേക്ക് കയറ്റി അയക്കുകയും ചെയ്തു. മാർച്ച് 25-ാം തീയതി ബഹു. എം.എൽ.എ. പി.കെ. ബഷീർ ഊർങ്ങാട്ടിരിയെ സമ്പൂർണ മാലിന്യ മുക്ത പഞ്ചായത്തായി പ്രഖ്യാപിച്ചു.

ജലനിധി പദ്ധതിയുടെ പങ്കാളിത്താധിഷ്ഠിത ഗ്രാമ വിശകലനപഠന പരിപാടിയാണ് ഇത്തരമൊരു യജ്ഞത്തിന് കളമൊരുക്കിയത്. ഊർങ്ങാട്ടിരി ഇനി സ്വപ്നം കാണുന്നത് ഏതാനും മാസങ്ങൾക്കുള്ളിൽ പൂർത്തിയാകുന്ന ബൃഹത് കുടി വെള്ള പദ്ധതിയെയാണ്. കുടിവെള്ള വിതരണ മേഖലയിൽ വാട്ടർ അതോറിട്ടിയുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ, മല മുകളിലുള്ള ആദിവാസി കുടുംബങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കാൻ കുന്നിൻ മുകളിലും കയറ്റിറക്ക പ്രദേശങ്ങളിലും പൈപ്പുവഴി ശുദ്ധജലം എത്തിക്കൽ തുടങ്ങി കുടിവെള്ള വിതരണ മേഖലയിലെ പ്രശ്നങ്ങൾ ഒന്നൊന്നായി പരിഹരിച്ച് എല്ലാ വീട്ടിലും ശുദ്ധജലം എത്തിക്കാനുള്ള തീവ്രശ്രമത്തിലാണ് ഗ്രാമപഞ്ചായത്തിപ്പോൾ. 3500 കുടുംബങ്ങൾക്ക് ശുദ്ധജലമെത്തിക്കുന്ന ഊർങ്ങാട്ടിരി ശുദ്ധജല വിതരണ പദ്ധതി ശുദ്ധീകരണ പ്ലാന്റിന്റെ നിർമ്മാണം പൂർത്തികരിച്ചാൽ കമ്മീഷൻ ചെയ്യാനാകും. 10 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള പ്രധാന ടാങ്ക്, അനുബന്ധ ടാങ്കുകൾ, ബൂസ്റ്റിംഗ് സ്റ്റേഷനുകൾ, സ്രോതസ് നിർമ്മാണം, പമ്പിംഗ് മെയ്ൻ, ഗ്രാവിറ്റി ലൈൻ, വിതരണ ശൃംഖലകൾ എന്നിവയുടെ പ്രവൃത്തി മുഴുവനായും ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി 70%വും പൂർത്തിയായി.

ലോകബാങ്ക് പ്രതിനിധികൾ പഞ്ചായത്ത് സന്ദർശിച്ചപ്പോൾ മലമുകളിലുള ആദിവാസി കോളനികൾ ബൃഹത് പദ്ധതിയിൽ ഉൾപ്പെടുത്താൻ സാങ്കേതികമായി കഴിയുകയില്ലെന്നറിയിച്ചതിനാൽ അവർക്കു മാത്രമായി പ്രതേക പദ്ധതിയാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ബൃഹത് പദ്ധതി പൂർത്തിയാകുന്നതോടൊപ്പം കുടിവെള്ളം സ്വപ്നം കാണുന്ന കോളനിക്കാർക്കും ശുദ്ധജലം എത്തിക്കാൻ കഴിയുന്നു എന്നത് ഭരണ സമിതിയുടെയും ഒപ്പം ജലനിധിയുടെയും വിജയമാണ്. ഇതോടൊപ്പം ജലനിധിയിൽ ഉൾപ്പെടുത്തി വെറ്റിലപ്പാറ ഹെൽത്ത് സെന്ററിൽ നിർമ്മിച്ച പൊതു ശൗചാലയവും മലപ്പുറത്തെ ഫുട്ബോൾ ആസ്ഥാനമെന്നറിയപ്പെടുന്ന തെരട്ടമ്മലിലെ പഞ്ചായത്ത് സ്റ്റേഡിയത്തിൽ നിർമ്മിക്കുന്ന സാനിറ്റേഷൻ കോംപ്ലക്സും പഞ്ചായത്തിന്റെ സ്വപ്നപദ്ധതികളാണ്. സഹായ സംഘടനയായ സെന്റർ ഫോർ എൻവയോൺമെന്റ് & എജ്യുക്കേഷൻ ഗൈഡൻസിന്റെ (CEEG) മികച്ച നേതൃത്വവും സ്കീം ലെവൽ കമ്മിറ്റിയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങളും പഞ്ചായത്ത് ഭരണസമിതിയുടെ ദീർഘവീക്ഷണവും ജലനിധിയുടെ വിജയകുതിപ്പിന് കാരണമാണ്.

**എൻ.കെ. ഷൗക്കത്തലി**
പ്രസിഡന്റ് ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്

## വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത്



സ്കൂളുമായി സഹകരിച്ച് ജലനിധി പ്രവർത്തകർ നടത്തിയ ജലദിനാചരണ പരിപാടി

# ഇവർ ജലനിധിയുടെ അഭിമാനം



ജലനിധി പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും തുടർ നടത്തിപ്പിലും പരിപാലനത്തിലും സ്ഥാപന വത്കരണത്തിലും മാതൃകാപരമായ പ്രവർത്തനം കാഴ്ചവച്ച പ്രതിഭകളെ ബഹു. സംസ്ഥാന ജലവിഭവ വകുപ്പുമന്ത്രി മാത്യു ടി. തോമസ് ലോകജലദിനത്തിൽ ആദരിച്ചു. മലപ്പുറം മേഖലയിൽ വി.കെ. കൃഷ്ണകുമാരനുണ്ണിയും, എ.കെ ഗോപാലനുമാണ് ജലനിധി ഹീറോകൾ. പാലക്കാട് ജില്ലയിലെ അയിലൂർ ഗ്രാമ പഞ്ചായത്തിലെ ജലനിധി പ്രവർത്തനങ്ങളാണ് കൃഷ്ണനുണ്ണിയെ അവാർഡിന് അർഹനാക്കിയത്. അയിലൂർ ഗ്രാമ പഞ്ചായത്തിലെ ഗുണഭോക്തൃസമിതികളുടെ ഫെഡറേഷൻ രൂപീകരിക്കുകയും നിരന്തര ഇടപെടലിലൂടെ സുശക്തമായ സ്ഥാപനമായി ബി.ജി. കളെ വളർത്തുകയും ചെയ്തു.

എ.കെ. ഗോപാലൻ കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തിലെ ഈന്തൻകണ്ടി ശുദ്ധജല വിതരണ പദ്ധതിയുടെ പ്രസിഡന്റാണ്. വാട്ടർ ലെവൽ ഇൻഡിക്കേറ്റർ, ഓട്ടോമാറ്റിക് ക്ലോറിനേഷൻ, സ്റ്റാർട്ടർ തുടങ്ങിയ ശാസ്ത്രീയ ഉപകരണങ്ങളുടെ കണ്ടുപിടുത്തം ജലനിധി പദ്ധതികളുടെ നടത്തിപ്പ് ശാസ്ത്രീയവും ഒപ്പം ലളിതവുമാക്കി മാറ്റിയതാണ് ജലനിധി ഹീറോ എന്ന പദവി നേടാൻ എ.കെ ഗോപാലനെ സഹായിച്ചത്.

മാർച്ച് 22 ന് തിരുവനന്തപുരം ഐ.എം.ജി പത്മം ഹാളിൽ വച്ച് നടത്തിയ ലോകജലദിനാചരണചടങ്ങിൽ വച്ച് അവാർഡ് സമ്മാനിച്ചു. ആകെ 6 പേർക്കാണ് സംസ്ഥാനതലത്തിൽ അവാർഡ് സമ്മാനിച്ചത്.



# ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്ത്

ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്തിൽ ജലനിധിയുടെ നേതൃത്വത്തിൽ ലോകജലദിനം വേറിട്ട പരിപാടികളോടെ ആഘോഷിച്ചു. ഗ്രാമപഞ്ചായത്ത് മെമ്പർമാർ, ഉദ്യോഗസ്ഥർ, കുടുംബശ്രീ പ്രവർത്തകർ, ജലനിധി കമ്മിറ്റി ഭാരവാഹികൾ, വിദ്യാർത്ഥികൾ, എന്നിവർ ഒത്തുചേർന്ന പരിപാടി ആരംഭിച്ചത് ജലദിനപ്രതിജ്ഞയോടെയാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൻ.കെ. ഷൗക്കത്തലി പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

### ജലസംരക്ഷണ സമൂഹ ചിത്രരചന

പൊതുജനങ്ങൾക്ക് ജലസുരക്ഷയെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിനായി പഞ്ചായത്ത് ഓഫീസ് പരിസരത്ത് ജലസംരക്ഷണ സന്ദേശ ചിത്രരചനനടത്തി. പരിപാടി പ്രശസ്ത ചിത്രകാരനും ഊർങ്ങാട്ടിരി പഞ്ചായത്ത് ഉദ്യോഗസ്ഥനുമായ ശ്രീകുമാർ മാവൂർ ഉദ്ഘാടനം ചെയ്തു. കുടിവെള്ള സംരക്ഷണത്തെയും ജല ദൗർലഭ്യത്തെയും മുൻനിർത്തി നിരവധി ആളുകൾ തങ്ങളുടെ മനസ്സിലെ ആശയങ്ങൾ ചിത്രങ്ങളായി പകർത്തിയത് വേറിട്ട അനുഭവമായി.

### ഊർങ്ങാട്ടിരി ജലസുരക്ഷാ നയം

കേരളത്തിൽ തന്നെ ആദ്യമായി ഒരു



പഞ്ചായത്ത് ജലസംരക്ഷണ രജിസ്റ്റർ തയ്യാറാക്കുന്നു എന്ന പ്രത്യേകത ഇനി ഊർങ്ങാട്ടിരിക്ക് സ്വന്തം. ലോക ജലദിനത്തിന്റെ ഭാഗമായാണ് ഇത്തരം ഒരു ആശയം ജലനിധി മുഖേന പഞ്ചായത്ത് നടപ്പിലാക്കുന്നത്.

ജലസംരക്ഷണ രജിസ്റ്ററിൽ പഞ്ചായത്തിലെ എല്ലാ തുറകളിലും പെട്ട ജനങ്ങളുടെ ജലസംരക്ഷണം, ജലസുരക്ഷ എന്നീ വിഷയങ്ങളെ മുൻനിർത്തിയുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ലേഖനങ്ങളായോ, കവിതകളായോ, ലഘു കുറിപ്പുകളായോ ശേഖരിക്കുകയാണ് ആദ്യ പടി. അതിന് ശേഷം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായി പഞ്ചായത്ത് തല ജലസുരക്ഷാ സമിതി രൂപീകരിക്കുകയും സമിതിയുടെ നേതൃത്വത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട അഭിപ്രായങ്ങൾ പ്രകാരം ഊർങ്ങാട്ടിരി ജലസുരക്ഷാ നയം രൂപീകരിക്കുകയും പഞ്ചായത്ത് ഭരണസമിതി അംഗീകരിക്കുകയും ചെയ്യുന്നു. പ്രസ്തുത ജലസുരക്ഷാ നയം തിരുവനന്തപുരത്ത് ബഹു. ജലവിഭവവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്രകാശനം ചെയ്യുന്നതിനും ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ട്.



# എൻവോയർ 2017






കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി (KRWSA) യിൽ നിന്നും വലിയ ഇടവേളകളില്ലാതെ യാത്ര പറഞ്ഞ ഡയറക്ടർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ) കെ. ശ്യാമള, മലപ്പുറം മേഖലാ പ്രോജക്ട് ഡയറക്ടർ അബ്ദുൾ ലത്തീഫ് കെ.വി.എം, അക്കൗണ്ട്സ് ഓഫീസർ സി. ജയചന്ദ്രൻ എന്നിവർക്ക് ഊഷ്മളമായ യാത്രയയപ്പു നൽകി. മലപ്പുറം, കണ്ണൂർ മേഖല ഓഫീസുകളുടെ നേതൃത്വത്തിൽ കോഴിക്കോട് മലബാർ പാലസ് ഹോട്ടലിൽ വെച്ച് നടത്തിയ എൻവോയർ 2017-ൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിനെ പ്രതിനിധീകരിച്ച് ടെക്നിക്കൽ ഡയറക്ടർ കെ. മോഹൻ പങ്കെടുത്തു. കണ്ണൂർ, മലപ്പുറം മേഖല പ്രോജക്ട് ഡയറക്ടർ വി. ചന്ദ്രൻ അധ്യക്ഷത നിർവഹിച്ചു.

ഏറെ പ്രധാനപ്പെട്ടതും ഏറ്റവുമധികം ജീവനക്കാരുള്ളതുമായ ധനവകുപ്പ് ഉൾപ്പെടെ കേരളജനതയുടെ വികസന കുതിപ്പിൽ നിർണായക സ്വാധീനം ചെലുത്തിയ ജലനിധിയുടെ അമരത്തും ജോലി ചെയ്ത് വ്യക്തി മുദ്ര പതിപ്പിച്ച ശേഷമാണ് കെ. ശ്യാമള സർക്കാർ സർവ്വീസിൽ നിന്നും വിരമിക്കുന്നത്.

ഒന്നര വർഷക്കാലത്തിലധികം മലപ്പുറം മേഖല ഓഫീസിന്റെ അമരക്കാരനായിരുന്നു അബ്ദുൾ ലത്തീഫ് കെ.വി.എം. ഡെപ്യൂട്ടേഷൻ കാലാവധി പൂർത്തിയായതിനാൽ മാതൃസ്ഥാപനമായ കേരള വാട്ടർ അതോറിട്ടി ക്വാളിറ്റി വിഭാഗം എക്സി. എഞ്ചിനിയറായി തിരികെ ജോലിയിൽ പ്രവേശിച്ചു. ജലനിധിയെ കേരളാ വട്ടർ അതോറിറ്റിയുമായും ജലസേചന വകുപ്പുമായും സംയോജിപ്പിച്ച് ഏറ്റവുമധികം ബൃഹത് പദ്ധതികൾ കേരളത്തിൽ ആരംഭിച്ചത് അബ്ദുൾ ലത്തീഫ് ഡയറക്ടർ ആയിരുന്ന കാലത്താണ്.

1998ൽ കേന്ദ്ര സർവീസിൽ പ്രവേശിച്ച ജയചന്ദ്രൻ 19 വർഷക്കാലത്തെ സേവന കാലത്തിനിടയിൽ മുംബൈ കംട്രോളർ ഓഫ് ഇന്ത്യ ഓഫീസിലും, തിരുവനന്തപുരം അക്കൗണ്ടൻറ് ജനറൽ കൊമേർഷ്യൽ വിഭാഗത്തിലും ജോലി ചെയ്തു. 2013 മാർച്ച് മുതൽ മലപ്പുറം ജലനിധി ഓഫീസിൽ അക്കൗണ്ട്സ് ഓഫീസറായി ജോലി ചെയ്തു വരികയായിരുന്നു. ഡെപ്യൂട്ടേഷൻ കാലാവധി അവസാനിച്ചതിനാൽ സെൻട്രൽ റെയിൽവെ മുംബൈ ഓഫീസിൽ തിരികെ ജോലിയിൽ പ്രവേശിക്കാനായി ജലനിധിയിൽ നിന്നും വിരമിക്കുകയായിരുന്നു.




മലപ്പുറം, കണ്ണൂർ മേഖല ഓഫീസിലെയും ഗ്രാമപഞ്ചായത്ത് സപ്പോർട്ട് ടീമിലേയും സഹപ്രവർത്തകർ എൻവോയർ 2017-ൽ പങ്കെടുത്ത് ആശംസകൾ നേരുകയും മംഗള പത്രവും ഉപഹാരവും സമർപ്പിക്കുകയും ചെയ്തു.

# അക്കൗണ്ട്സ് ഓഫീസറായി ഉബൈദുള്ള എ.സി നിയമിതനായി



ജലനിധിയുടെ മലപ്പുറം മേഖല ഓഫീസിൽ പുതിയ അക്കൗണ്ട്സ് ഓഫീസറായി ഉബൈദുള്ള എ.സിയെ സർക്കാർ നിയമിച്ചു. 2017 ജനുവരി മുതൽ പി.ഡബ്ല്യു.ഡി റോഡ്സ് & ബ്രിഡ്ജസ് നോർത്ത് സർക്കിളിൽ ഫിനാൻഷ്യൽ അസിസ്റ്റന്റായി പ്രവർത്തിച്ചുവരുന്നതിനിടയിലാണ് പുതിയ ദൗത്യം കേരള സർക്കാർ ഏൽപ്പിക്കുന്നത്.

2004-ൽ സെക്രട്ടേറിയറ്റിലെ ധനകാര്യ വകുപ്പിൽ അസിസ്റ്റന്റായി ജോലിയിൽ പ്രവേശിച്ച മലപ്പുറം പാങ്ങ് സ്വദേശിയായ ഉബൈദുള്ള ധനകാര്യ പരിശോധന സ്ക്വാഡ്, ധനകാര്യ വകുപ്പിൽ (നോഡൽ സെന്റർ) അസി. സെക്ഷൻ ഓഫീസർ, സംസ്ഥാനധനകാര്യ പരിശോധന വിഭാഗത്തിൽ സെക്ഷൻ ഓഫീസർ എന്നീ തസ്തികകളിൽ ജോലിചെയ്തു. 2014 ഒാക്ടോബർ മുതൽ മലപ്പുറം ജില്ല ധനകാര്യ പരിശോധന സ്ക്വാഡിൽ ജില്ലാ ഫിനാൻസ് ഇൻസ്പെക്ടിംഗ് ഓഫീസറായും 2016ൽ അതേവിഭാഗത്തിൽ കോഴിക്കോട് ജില്ലയിലും പ്രവർത്തിച്ചു. 2016 ഡിസംബറിൽ അക്കൗണ്ട്സ് ഓഫീസറായി പ്രമോഷൻ ആയതിന് ശേഷം ചെറിയൊരു കാലയളവിൽ കോഴിക്കോട് ജില്ലയിൽ തന്നെ ജലസേചന വകുപ്പ് നോർത്ത് സർക്കിൾ സൂപ്രണ്ടിംഗ് എൻജിനീയർ ഓഫീസിൽ ഫിനാൻഷ്യൽ അസിസ്റ്റന്റായും ജോലി ചെയ്തിട്ടുണ്ട്.

# ജലദിനാചരണം

## വേങ്ങര ഗ്രാമ പഞ്ചായത്ത്




വേങ്ങര ഗ്രാമ പഞ്ചായത്തിലെ ജലനിധി വാട്ടർ സപ്ലൈ & സോഷ്യൽ ഡെവലപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ജലദിനാചരണം നടത്തി. സൊസൈറ്റി പ്രസിഡന്റ് ഷെരീഫ് അധ്യക്ഷത വഹിച്ചു. സെക്രട്ടറി കുഞ്ഞാമ്മു ഉദ്ഘാടനം ചെയ്തു. ജലനിധി സീനിയർ എഞ്ചിനീയർ ആഷ്‌ലി സ്വാഗതവും പ്രോജക്ട് കമ്മീഷണർ സനിത.എ നന്ദിയും പറഞ്ഞു. ജലസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് റഫീഖ് ക്ലാസെടുത്തു. ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങളും, പദ്ധതിയുടെ ഗുണഭോക്താക്കളും, കുടുംബശ്രീ അംഗങ്ങളും ദിനാചരണത്തിൽ പങ്കെടുത്തു.

## കട്ടിപ്പാറ ഗ്രാമ പഞ്ചായത്ത്



ജലനിധിയും സാക്ഷരതാ മിഷനും സംയുക്തമായി ജലദിനാചരണം നടത്തി. കട്ടിപ്പാറ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് നിധീഷ് കല്ലുള്ളത്തോടിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രസിഡന്റ് ബേബി രവീന്ദ്രൻ പരിപാടി ഉദ്ഘാടനം ചെയ്തു. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ വദാരി ജുബൈരിയ ലോക ജലദിനപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. താമരശ്ശേരി ഏരിയ ഫോറസ്റ്റ് റേഞ്ച് ഓഫീസർ അബ്ദുൾ ഗഫൂർ ജലസംരക്ഷണ വിഷയം അടിസ്ഥാനമാക്കി ക്ലാസെടുത്തു. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ തോമസ്, ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ബേബി ബാബു, റിഫായാത്ത്, സഹായ സംഘടനാ ടീം ലീഡർ റോജിൻ സ്ക്കറിയ എന്നിവർ ആശംസകൾ നേർന്നു. സാക്ഷരതാ മിഷൻ പ്രേരക് നസീറ നന്ദിയും പറഞ്ഞു.

## ചോറോട് ഗ്രാമ പഞ്ചായത്ത്




ജലദിനപ്രതിജ്ഞ, ക്വിസ് മത്സരം, പഠന ക്ലാസ് എന്നീ പരിപാടികളോടെ ചോറോട് ഗ്രാമ പഞ്ചായത്ത് ജലദിനാചരണം നടത്തി. ജലനിധി ഗുണഭോക്താക്കളെയും കുടുംബശ്രീ അംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ ക്വിസ് മത്സരം വിജ്ഞാനപ്രദമായിരുന്നു. എൽ.പി. സ്കൂൾ കുട്ടികൾക്കായി പ്രത്യേകം ക്വിസ് മത്സരം നടത്തി. പ്രശസ്ത പരിസ്ഥിതി പ്രവർത്തകനായ സേതു **ജലം മലിനപ്പെടൽ മുൻകരുതൽ** എന്ന വിഷയത്തെക്കുറിച്ച് ക്ലാസെടുത്തു. ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അധ്യക്ഷനായിരുന്നു. പ്രസിഡന്റ് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് ഗംഗാധരൻ ക്വിസ് മത്സരം നടത്തി. വിജയികളായവർക്ക് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ തുളസി ടീച്ചർ ക്യാഷ് അവാർഡ് സമ്മാനിച്ചു.

## ഊരകം ഗ്രാമ പഞ്ചായത്ത്

ഊരകം ഗ്രാമ പഞ്ചായത്തിലെ ജലനിധി വാട്ടർ സപ്ലൈ & സോഷ്യൽ ഡവലപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ജല ദിനാചരണം നടത്തി. സൊസൈറ്റിയുടെ ഖജാൻജി അധ്യക്ഷത വഹിച്ചു. ജലനിധി സീനിയർ എഞ്ചിനീയർ ആഷ്‌ലി ജലദിനപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. തുടർന്ന് ജലനിധി റിസോഴ്സ് പേഴ്സൺ റഫീഖ് ജലസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ക്ലാസെടുത്തു. ഭരണസമിതി അംഗങ്ങളും, ജലനിധി വാർഡുതല കമ്മിറ്റി അംഗങ്ങളും, ഗുണഭോക്താക്കളും, സാമൂഹ്യ പ്രവർത്തകരും പങ്കെടുത്തു. സൊസൈറ്റി സെക്രട്ടറി കെ.ടി സമദ് സ്വാഗതവും ജലനിധി പ്രോജക്ട് കമ്മീഷണർ എ. നസീം നന്ദിയും പറഞ്ഞു.

# ലോക ജലദിനം

1992ൽ ബ്രസീലിലെ റിയോവിൽ ചേർന്ന സമ്മേളനമാണ് മാർച്ച് 22 ജലദിനമായി ആചരിക്കാൻ ആഹ്വാനം ചെയ്തത്. തുടർന്ന് യു.എൻ ജനറൽ അസംബ്ലി 1993 മാർച്ച് 22 മുതൽ ഈ ദിനം ലോക ജലദിനമായി ആചരിക്കാൻ തീരുമാനിച്ചു. ശുദ്ധജല സ്രോതസ്സുകളുടെ സംരക്ഷണത്തെക്കുറിച്ചും, പ്രാധാന്യത്തെക്കുറിച്ചും അവബോധമുണ്ടാക്കുകയാണ് ജലദിനാചരണത്തിന്റെ ലക്ഷ്യം.

നമ്മുടെ കാലാവസ്ഥയിൽ വലിയതോതിലുള്ള മാറ്റങ്ങളുണ്ടായി എന്നത് സാധാരണക്കാർക്ക് പോലും മനസ്സിലാകും. കേരളത്തിലാണെങ്കിൽ 44 നദികളും മുപ്പതിലേറെ അണക്കെട്ടുകളും, അര ഹെക്ടറിലധികം വിസ്തൃതിയുള്ള ആയിരത്തിലധികം കുളങ്ങളും, ലോകത്തിൽ തന്നെ ഏറ്റവും കൂടുതൽ കിണറുകളും (ഏകദേശം 66 ലക്ഷം) ഉണ്ട്. വർഷത്തിൽ ആറുമാസം നമുക്ക് മഴ ലഭിക്കുന്നുമുണ്ട്. എന്നാൽ കിട്ടുന്ന മഴവെള്ളമെല്ലാം കുത്തിയൊലിച്ച് കടലിൽ ചെന്ന് ചേരുന്നതാണ് ദൗർഭാഗ്യം.

മനുഷ്യൻ പ്രകൃതിയോട് ചെയ്യുന്ന ക്രൂരതയാണ് നാമനുഭവിക്കുന്ന ജലക്ഷാമത്തിന്റെ മുഖ്യകാരണം. കുന്നും മലയുമെല്ലാം ഇടിച്ചു നിരത്തി കോൺക്രീറ്റ് സൗധങ്ങൾ തീർത്തു, നദികളെയെല്ലാം മണലൂറ്റി നാം കൊന്നു, കാടെല്ലാം നാടായി മാറി, വന്യജീവികളെല്ലാം നാട്ടിലിറങ്ങി. കഴിഞ്ഞ മുപ്പത് വർഷം കൊണ്ട് കേരളം നികത്തിയത് അഞ്ചുലക്ഷം ഹെക്ടർ നെൽപ്പാടങ്ങളാണ്. ഒരേക്കർ പാടം ഒരു വർഷം ഒന്നേകാൽ കോടി ലിറ്റർ ജലം ഭൂഗർഭത്തിലേക്ക് സന്നിവേശിപ്പിക്കുന്ന കണക്കനുസരിച്ച് മുപ്പത് വർഷത്തിനിടെ നാം നഷ്ടമാക്കിയത് 15 ലക്ഷം കോടി ലിറ്റർ ശുദ്ധജലമാണ്.

മനുഷ്യന്റെ ആവശ്യത്തിനുള്ളതെല്ലാം പ്രകൃതിയിലുണ്ട്. എന്നാൽ അത്യാർത്തിക്കുള്ളതില്ല. അതുകൊണ്ടുതന്നെ ഉള്ളജലം സംരക്ഷിക്കപ്പെടേണ്ടതാണ്. വർഷകാലം കിട്ടുന്ന മഴവെള്ളം ഭൂമിയിലേക്ക് ആഴ്ന്നിറങ്ങാൻ സൗകര്യമൊരുക്കണം. നമ്മുടെ വീടിന്റെ മുറ്റമെല്ലാം ഇന്റർലോക്കും, കോൺക്രീറ്റും ആയതോടെ മഴവെള്ളം ഒഴുകി നഷ്ടപ്പെടുന്നു. കിണർ റീചാർജിങ്ങ് വേനൽക്കാല ശുദ്ധജലക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരമാണ്. മഴക്കുഴികളും പരീക്ഷിക്കാവുന്നതാണ്.

ഇതിനെക്കാളെല്ലാമുപരി ജലത്തിന്റെ ഉപയോഗത്തിൽ നാം മിതത്വം പാലിക്കണം. മുൻ കാലങ്ങളെ അപേക്ഷിച്ച് വാട്ടർ ടാപ്പും, ഫ്ളഷ് ടാങ്കും വെള്ളത്തിന്റെ ഉപയോഗം വർദ്ധിപ്പിച്ചു. കുടിവെള്ളം കിട്ടാതെ ജനകോടികൾ കഷ്ടപ്പെടുന്നത് നാം കാണുന്നുണ്ട്. ഇനിയൊരു യുദ്ധമുണ്ടാകുന്നത് ജലത്തിന് വേണ്ടിയായിരിക്കുമെന്ന് പ്രവചിക്കപ്പെടുന്നു. അതുകൊണ്ടു തന്നെ ലഭ്യമായ ജലം വളരെ കരുതലോടെ സൂക്ഷിച്ച് നമുക്ക് ഉപയോഗിക്കാം.



**കെ.കെ. ഹംസ**
ജനറൽ സെക്രട്ടറി, S.L.E.C.
ജലനിധി
ഊരകം ഗ്രാമ പഞ്ചായത്ത്

# ചോറോട് വലിയപറമ്പത്ത് ജല വിതരണ പദ്ധതി നാടിന് സമർപ്പിച്ചു.




ജലനിധി രണ്ടാം ഘട്ടത്തിൽ, ബാച്ച് 3 ൽ ഉൾപ്പെട്ട ചോറോട് ഗ്രാമപഞ്ചായത്തിൽ 20 ചെറുകിട ഗുണഭോക്തൃസമിതികളും തിരദേശ മേഖലയെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു വലിയ പദ്ധതിയുമാണ് ഉള്ളത്. 12-ാം വാർഡിലെ വലിയപറമ്പത്ത് ശുദ്ധജലവിതരണപദ്ധതിയുടെ ഉദ്ഘാടനം ഫെബ്രുവരി 10 ന് 4 മണിക്ക് വൈസ് പ്രസിഡണ്ട് ഒ.എം. അസീസ് മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ ബഹു. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് കെ.കെ നളിനി നിർവ്വഹിച്ചു. ചോറോട് പഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന ഒരു മേഖലയായിരുന്നു വലിയപറമ്പത്ത് പ്രദേശം. 2005-06 ൽ പഞ്ചായത്ത് ഈ പ്രദേശത്ത് ഒരു കിണർ നിർമ്മിച്ചെങ്കിലും നിർമ്മാണത്തിലിരിക്കെ കിണർ താഴ്ന്നുപോയതിനാൽ പദ്ധതി നടപ്പായില്ല. അതിനുശേഷം 2007ൽ പഞ്ചായത്ത് പുഞ്ചത്തോടിന്റെ സമീപത്തായി കിണർ നിർമ്മിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തി പ്രവൃത്തി തുടങ്ങി. 2009ൽ പഞ്ചായത്തിന്റെ പദ്ധതിയായ വലിയപറമ്പത്ത് കുടിവെള്ള പദ്ധതി യാഥാർത്ഥ്യമായി. 32 കുടുംബങ്ങളാണ് ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളത്. പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായാണ് ജലനിധിയിൽ ഉൾപ്പെടുത്തിയത്. മൊത്തം 4,25,000/- രൂപയാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തുക. വേനലിലെ വെള്ളത്തിന്റെ കുറവ് പരിഹരിക്കുന്നതിനായി ബേബിവെൽ നിർമ്മിച്ചു. കിണറിന്റെ അകത്തും പുറത്തും പ്ലാസ്റ്ററിംഗ് ചെയ്തു. ചുറ്റുമതിൽ നിർമ്മിച്ചു. പുതിയ പമ്പ്സെറ്റ് സ്ഥാപിച്ചു. കിണറിന് മേൽമൂടിനിർമാണം, ക്ലോറിൻഡോസർ, എന്നിവ സ്ഥാപിച്ചു. ജലസംഭരണിയുടെ പ്ലാസ്റ്ററിംഗ്, പെയിന്റിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ എല്ലാം തന്നെ വേനൽ കടുക്കുന്നതിനു മുമ്പെ പൂർത്തിയാക്കി. സംതൃപ്തമായ ഒരു കുടിവെള്ളവിതരണപദ്ധതിയായി വലിയപറമ്പത്ത് ശുദ്ധജല വിതരണപദ്ധതിയെ മാറ്റാൻ സാധിച്ചു എന്നതിൽ ഗുണഭോക്തൃ സമിതിക്കും, ഗ്രാമപഞ്ചായത്തിനും, സഹായസംഘടനയായ ഒയിസ്ക ഇന്റർനാഷണലിനും അതിയായ സന്തോഷവും ചാരിതാർത്ഥ്യവും ഉണ്ട്.

ഈ പദ്ധതിയുടെ മുഴുവൻ പ്രവൃത്തികളും സഹായസംഘടനയുടെ മേൽനോട്ടത്തിൽ ഗുണഭോക്തൃസമിതി സാമൂഹ്യ ഉടമ്പടി മുഖേന പൂർത്തീകരിച്ചതിനാൽ എസ്റ്റിമേറ്റ് തുകയിലും കുറഞ്ഞ നിരക്കിൽ പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിച്ചു. ഈ പദ്ധതിയുടെ തുടർ നടത്തിപ്പും പരിപാലനവും ഗുണഭോക്തൃസമിതിയുടെ നേതൃത്വത്തിൽ കുറ്റമറ്റ രീതിയിൽ മുന്നോട്ടു കൊണ്ടുപോകുന്നതിന് ശക്തമായ കമ്മറ്റിയാണ് ഇവിടെ പ്രവൃത്തിക്കുന്നത്.

# കുറ്റിപ്പുറം സ്വപ്ന പദ്ധതി യാഥാർത്ഥ്യത്തിലേക്ക്

2012 ജനുവരിയിലാണ് കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ ജലനിധി പദ്ധതി ആരംഭിക്കുന്നത്. 2600 കുടുംബങ്ങളെ ഉൾപ്പെടുത്തി 50 ഗുണഭോക്തൃസമിതികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ജല ലഭ്യതാ ഗുണനിലവാര പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നദീജല സ്രോതസാണ് കുറ്റിപ്പുറത്തിന് അഭികാമ്യം എന്ന് കണ്ടെത്തുകയും നിലവിലുള്ള ചെമ്പിക്കൽ കിണർ ഉപയോഗിച്ചും പേരശ്ശന്നൂരിൽ പുതിയ കിണർ സ്ഥാപിച്ചും രണ്ടു പദ്ധതികൾക്ക് സഹായ സംഘടനയായ വെൽഫയർ സർവ്വീസസ് എറണാകുളം സ്കീം റിപ്പോർട്ട് തയ്യാറാക്കി. എന്നാൽ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തു കൂടി ഉൾപ്പെട്ടിട്ടുള്ള തിരുന്നാവായ സമഗ്ര ത്വരിത കുടിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ വട്ടർ അതോറിറ്റി ആരംഭിച്ചതോടെ ജലനിധി പദ്ധതിയുടെ രൂപവും ഭാവവും മാറ്റി കുറ്റിപ്പുറം ബൾക്ക് വാട്ടർ സ്കീമിന് രൂപം നൽകി. വാട്ടർ അതോറിറ്റിയിൽ നിന്നും ശുദ്ധീകരിച്ച വെള്ളം വാങ്ങി ജലനിധി പദ്ധതി വഴി രൂപീകരിച്ച ഗുണഭോക്തൃ സമിതികളുടെ നേതൃത്വത്തിൽ ജലവിതരണം നടത്തുന്നതിനാണ് ഗ്രാമപഞ്ചായത്തും കെ. ആർ. ഡബ്ല്യു. എസ്. എ. യും ഗുണഭോക്തൃ സമിതിയും വട്ടർ അതോറിറ്റിയും തീരുമാനിച്ചത്. ഇതിനായി പ്രത്യേകം സർവ്വേ നടത്തി 8 കോടി അമ്പതു ലക്ഷം രൂപയുടെ പദ്ധതി രേഖ സഹായ സംഘടന തയ്യാറാക്കുകയും ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി ഇ ടെണ്ടർ വഴി പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. 133 കീ.മിറ്റർ വിതരണ ശൃംഖലയും 3800 ഗാർഹിക കണക്ഷനുകളും ഉൾക്കൊള്ളുന്ന ഈ ബൃഹത് പദ്ധതിയിൽ 2500 ഓളം കുടുംബങ്ങൾക്ക് ഇതിനോടകം ശുദ്ധജലം നൽകാൻ സാധിച്ചു. 40% കുടുംബങ്ങൾക്കാണ് നിലവിൽ ഗ്രാമപഞ്ചായത്തിൽ ശുദ്ധജലമുള്ളത്. ജലനിധി പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ 100% കുടുംബങ്ങൾക്കും ശുദ്ധജലം ലഭ്യമാകുന്ന ഗ്രാമ പഞ്ചായത്തായി കുറ്റിപ്പുറം മാറും.

ഈ നൂറ്റാണ്ടിലെ ഏറ്റവും രൂക്ഷമായ കുടിവെള്ള ക്ഷാമത്തെ നേരിടുന്നതിന് കുറ്റിപ്പുറത്തിന്റെ സ്വപ്ന പദ്ധതിയായ കുറ്റിപ്പുറം ജലനിധി ബൾക്ക് വാട്ടർ സപ്ലൈ സ്കീം സ്വീകരിച്ചു വരുന്ന നയങ്ങളും സമീപനങ്ങളും പദ്ധതി പരിപാലനരീതികളും കേരളം പ്രതീക്ഷയോടെ ഉറ്റുനോക്കുന്നു.



**അജയ് കുമാർ കെ.ടി.**
ടീം ലീഡർ, W.S.E. ജലനിധി പദ്ധതി
കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്.

# ജലസമൃദ്ധിയിൽ വാഴോറമല

കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ കിഴക്കു ഭാഗത്തായി ഏകദേശം 250 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന കുന്നിൻ പ്രദേശമാണ് വാഴോറമല. കുന്നിൻ മുകളിലെ ഭൂരിഭാഗം കുടുംബങ്ങളും പട്ടികജാതി വിഭാഗത്തിൽ പെടുന്നു. കുടിവെള്ളത്തിന് ഏറ്റവും കൂടുതൽ പ്രയാസം അനുഭവിക്കുന്ന പ്രദേശം എന്ന വിശേഷണവും വാഴോറമലയ്ക്കുണ്ട്. വയൽ ഭാഗത്തുള്ള വീടുകളിൽ നിന്നും തലച്ചുമടായാണ് ഇവർ വെള്ളം വീട്ടിൽ എത്തിച്ചിരുന്നത്. ഈ കുന്നിൻ മുകളിൽ വെള്ളമെത്തിക്കുന്നതിനായി 1996 ൽ ജില്ലാ പഞ്ചായത്ത് 12 ലക്ഷം രൂപ മുടക്കി കുടിവെള്ള പദ്ധതിക്ക് രൂപം കൊടുത്തു. 2002 ലാണ് ആ പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചത്. പക്ഷേ നിർഭാഗ്യം എന്നു പറയട്ടെ പമ്പ്സെറ്റ് കോടായ കാരണം വെള്ളം വിതരണം ചെയ്യാൻ അന്ന് സാധിച്ചില്ല. വീണ്ടും അവരുടെ പഴയ അവസ്ഥ തുടർന്നു. 2012 ൽ വീണ്ടും ജില്ലാ പഞ്ചായത്ത് 10.5 ലക്ഷം രൂപ മുടക്കി വിതരണ ലൈനും മോട്ടോറും നന്നാക്കി. പക്ഷേ പമ്പിംഗ് മെയിൻ പൊട്ടിയതുകാരണം വെള്ളം വിതരണം ചെയ്യാൻ അന്നും സാധിച്ചില്ല. 2015-2016 വർഷത്തിൽ ജില്ലാ പഞ്ചായത്ത് വീണ്ടും ഫണ്ട് വകയിരുത്തിയിരുന്നു. ഈ സമയത്താണ് കോട്ടൂർ ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി ജലനിധി പദ്ധതി ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുന്നത്. പദ്ധതി നിർവ്വഹണത്തിന് കേരള ഗ്രാമനിർമ്മാണ സമിതിയെ ഗ്രാമപഞ്ചായത്ത് നിയമിക്കുകയും ചെയ്തു. ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശ പ്രകാരം വാഴോറമല പദ്ധതി ജലനിധി ഏറ്റെടുക്കുകയും പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുകയും ചെയ്തു. ലെവൽ സർവ്വെ നടക്കുന്ന അവസരത്തിൽ സഹായ സംഘടനാ ഉദ്യോഗസ്ഥർക്ക് ആ പ്രദേശത്തുകാർ അനുഭവിക്കുന്ന യാതനകൾ നേരിട്ട് ബോധ്യമായി. 89 കുടുംബങ്ങളെ ഉൾപ്പെടുത്തി ജലനിധി പദ്ധതിക്ക് രൂപം കൊടുത്തു. ഗ്രാമസഭയും തുടർന്ന് ക്ലസ്റ്റർ മീറ്റിംഗുകളും സംഘടിപ്പിച്ച് ജലനിധി പദ്ധതി വിശദീകരിച്ചപ്പോൾ വാഴോറമലയിലെ 89 കുടുംബങ്ങളും ജലനിധിയിൽ ചേർന്ന് വാഴോറമല ശുദ്ധജല വിതരണപദ്ധതിക്ക് രൂപം നൽകി. ഇതിൽ 85 കുടുംബങ്ങളും പട്ടികജാതി വിഭാഗത്തിൽപെട്ടവരാണെന്നു മാത്രമല്ല പദ്ധതിക്ക് നേതൃത്വം കൊടുക്കുന്നതും ഇവർ തന്നെ. അങ്ങനെ ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിന് വേണ്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. കിണറിന്റെ മൂടി കോൺക്രീറ്റ് ചെയ്യുകയും തേച്ച് വൃത്തിയാക്കുകയും ചെയ്തു. പമ്പിംഗ് മെയിൻ മാറ്റി 20 HP യുടെ പുതിയ പമ്പ്സെറ്റ് സ്ഥാപിച്ചു. പുതിയ പമ്പ്സെറ്റ് ഉപയോഗിച്ച് 50,000 ലിറ്ററിന്റെ ടാങ്ക് ഒന്നര മണിക്കൂർ കൊണ്ട് നിറക്കാൻ സാധിക്കുന്നുണ്ട്. വിതരണ ലൈനിലെ ചെറിയ പ്രശ്നങ്ങൾ കൂടി പരിഹരിച്ചപ്പോൾ മുഴുവൻ വീട്ടിലും ജലനിധി പദ്ധതിയിലൂടെ വെള്ളമെത്തിക്കാൻ സാധിച്ചു. പ്രതിമാസം 15000 ലിറ്റർ വെള്ളം ഉപയോഗിക്കുന്നതിന് വെള്ളക്കരമായി 150 രൂപ എടുക്കുന്നതിനും ഓരോ കുടുംബവും തയ്യാറായി എന്നതും ശ്രദ്ധേയമായ കാര്യമാണ്.



ജലനിധി പദ്ധതി സാക്ഷാത്കരിച്ചതിലൂടെ വാഴോറമലക്കാർ കുടിവെള്ളത്തിനായി അനുഭവിച്ച പ്രയാസങ്ങൾക്ക് ശാശ്വത പരിഹാരമായി. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിലൊന്നായ കുടിവെള്ളം വീട്ടുമുറ്റത്ത് ലഭ്യമാകുമ്പോഴുണ്ടാകുന്ന ഗുണഭോക്താക്കളുടെ സന്തോഷത്തിൽ നമുക്കും പങ്കുചേരാം.

**എഡിറ്റർ**
വി. ചന്ദ്രൻ
റീജിയണൽ പ്രോജക്ട് ഡയറക്ടർ

**എഡിറ്റോറിയൽ ബോർഡ്**
രാഹുൽ യു.എസ്.
ഡെപ്യൂട്ടി ഡയറക്ടർ (ഐ.ഇ.സി)

ഷഹീർ എം.പി.
മാനേജർ (കമ്മ്യൂണിറ്റി ഡവലപ്മെന്റ്)

ഉബൈദുള്ള എ.സി.
അക്കൗണ്ട്സ് ഓഫീസർ

**ഉപദേശക സമിതി**
സലീം എം.പി.
ഡയറക്ടർ (എഫ് & എ)

കെ.മോഹനൻ
ഡയറക്ടർ (ടെക്നിക്കൽ)

വി.എൽ മോഹൻകുമാർ
ഡയറക്ടർ (ഓപറേഷൻസ്)

എം. പ്രേംലാൽ
ഡയറക്ടർ (എച്ച്.ആർ.ഡി)

അരുൺരാജ് എസ്.
ഡയറക്ടർ (എം & ഇ)

**പ്രസിദ്ധീകരണ ഏകോപനം**
ഒ.പി. അബ്രഹാം
ഐ.ഇ.സി. സ്പെഷ്യലിസ്റ്റ്

ജലതരംഗം വാർത്താ പത്രികയിലേക്കുള്ള
നിങ്ങളുടെ സൃഷ്ടികളും നിർദ്ദേശങ്ങളും
**iecrpmumpm@gmail.com** എന്ന ഇ-മെയിലിലോ
ദി എഡിറ്റർ, ജലതരംഗം,
കേരളാ റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിറ്റേഷൻ ഏജൻസി,
റീജിയണൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്
**MMC, X/108 -112, 2nd Floor, U.M.K** ടവർ, ജൂബിലി റോഡ്,
കോട്ടക്കുന്ന്, മലപ്പുറം - 676 505
എന്ന വിലാസത്തിലോ എഴുതി അറിയിക്കാവുന്നതാണ്.

Published by V. Chandran, Regional Project Director, Kerala Rural Water Supply and Sanitation Agency (KRWSA)
Regional Project Management Unit, MMC, X/108-112, 2nd Floor, U.M.K Tower, Jubilee Road, Up Hill, Malappuram - 676 505
Ph: 0483 - 2738566, Email: iecrpmumpm@gmail.com, www.jalanidhi.kerala.gov.in
Printed at Pravasi Prints Pvt Ltd, Malappuram. Ph: 0483 2735696